ഭരണഭാഷ - മാതൃഭാഷ

# കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ കാര്യാലയം
ഹരിശ്രീ ബിൽഡിംഗ്, എം.ഡബ്ല്യൂ.ആർ.എ - 14
കൊച്ചുപ്ലാമൂട്, മുണ്ടയ്ക്കൽ വെസ്റ്റ്, കൊല്ലം - 691001

ഇ-മെയിൽ : motorworker@gmail.com,

ഫോൺ നമ്പർ : 0474 – 2742818
ഫാക്സ് നമ്പർ. 0474-2749334

നമ്പർ എ8/8702/12

## സർക്കുലർനമ്പർ : 4/16 തീയതി 29/02/2016

വിഷയം : കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് – ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചത് -അപേക്ഷകൾ അപാകതകൾ ഇല്ലാതെ അയയ്ക്കുന്നത് സംബന്ധിച്ച്

സൂചന : 1. 19/02/2016 തീയതിയിലെ സ.ഉ. (എം.എസ്) നമ്പർ 42/16 തൊഴിൽ നമ്പർ ഉത്തരവ്.
2. 7/11/12 തീയതിയിലെ ഈ ആഫീസിലെ ഇതേ നമ്പർ സർക്കുലർ.

കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ അനൂകൂല്യങ്ങൾ സൂചന (1) പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. ആയത് സംബന്ധമായ ഉത്തരവ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. വിവിധ തരം ആനുകൂല്യങ്ങൾക്കായി അപേക്ഷകൾ ചീഫ് ആഫീസിലേക്ക് ലഭ്യമാക്കുമ്പോൾ സൂചന (2) പ്രകാരമുള്ള സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതോടൊപ്പം താഴെപ്പറയുന്ന ആനുകൂല്യ വർദ്ധനവ് സംബന്ധിച്ച് ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട വസ്തുതകളും വിവരിക്കുന്നു.

### പെൻഷൻ :-

8 വർഷവും 60 വയസ്സു വരെ ജോലി ചെയ്തു വിരമിക്കുന്ന തൊഴിലാളികൾക്ക് മിനിമം പെൻഷന് അർഹതയുണ്ട്. 7 വർഷവും 6 മാസവും സർവ്വീസുള്ള 60 വയസ്സുവരെ ജോലി ചെയ്യുന്നവരെയും പെൻഷന് പരിഗണിക്കുന്നതാണ്. പക്ഷേ ടിയാന്റെ മുഴുവൻ സർവ്വീസിനിടയ്ക്ക് 6 മാസത്തിലധികം കുടിശ്ശികയുണ്ടായിരിയ്ക്കാൻ പാടില്ല.

### റേറ്റ് ഓഫ് പെൻഷൻ :-

ടേബിൾ I,II - ലെ തൊഴിലാളികൾക്ക് അധിവർഷ പെൻഷനായി മിനിമം 1000/- രൂപ ലഭിക്കുന്നതാണ്. 8 വർഷത്തിന് ശേഷമുള്ള ഓരോ വർഷവും 75 രൂപവച്ച് ഇൻക്രിമെന്റ് ലഭിയ്ക്കുകയും ടേബിൾ III ,IV ലെ തൊഴിലാളികൾക്ക് 750 രൂപ മിനിമം പെൻഷനും 8 വർഷത്തിനു ശേഷമുള്ള ഓരോ വർഷവും 50 രൂപവച്ച് ഇൻക്രിമെന്റ് ലഭിയ്ക്കുകയും ചെയ്യുന്നു.

## വോളന്ററി റിട്ടയർമെന്റ് പെൻഷൻ
## (സ്വയം വിരമിക്കൽ പെൻഷൻ) :-

55 വയസ്സു വരെ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 8 വർഷം പൂർത്തിയായാൽ മിനിമം പെൻഷൻ ആയി 750 രൂപ ലഭിയ്ക്കുന്നതാണ്.(I മുതൽ IV വരെയുളള കാറ്റഗറികൾക്ക് ബാധകം) കൂടാതെ ടിയാന് ഫണ്ടിലെ തൊഴിലാളിയായി വീണ്ടും അംഗത്വം എടുക്കുവാൻ സാദ്ധ്യമല്ല.

## എക്സ്ഗ്രേഷ്യ ടെർമിനൽ ബെനിഫിറ്റ്:-

ടേബിൾ I ലെ തൊഴിലാളികൾക്ക് അവർ ജോലിയിൽ നിന്ന് പിരിഞ്ഞു പോകുന്ന അവസരത്തിൽ (60 വയസ്സുവരെ ജോലി ചെയ്യുന്നവർക്ക് മാത്രമല്ല)എക്സ്ഗ്രേഷ്യ ടെർമിനൽ ബെനിഫിറ്റിന് അർഹതയുണ്ടായിരിക്കും (01/01/16 മുതൽ സർവ്വീസിൽ നിന്നും പിരിയുന്നവർക്ക് ബാധകം)

## സ്വാഭാവിക മരണാനന്തരധനസഹായം:-

ബോർഡിൽ രജിസ്റ്റർ ചെയ്ത് അംഗത്വം എടുത്ത് അംശാദായം അടച്ചു വരുന്ന തൊഴിലാളി മരണപ്പെടുമ്പോൾ ടിയാന്റെ നോമിനിയ്ക്ക് സ്വാഭാവിക മരണാനന്തരധനസഹായമായി 50,000/- രൂപ ലഭിയ്ക്കുന്നതാണ്. എന്നാൽ ടിയാൻ മരണമടഞ്ഞ തീയതി മുതൽ ഒരു വർഷത്തിനകം നോമിനി അപേക്ഷ സമർപ്പിച്ചിരിക്കണം. . കൂടാതെ ടിയാൻ മരണമടഞ്ഞ തീയതിയ്ക്ക് തൊട്ട് മുൻപുള്ള 12 മാസത്തെ കുടിശ്ശിക മാത്രമേ നോമിനിയ്ക്ക് ഒടുക്കു വരുത്താൻ സാധിക്കുകയുളളു.

## ചികിത്സാധനസഹായം:-

മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത് സജീവ അംഗമായി തുടരുകയും കുറഞ്ഞത് 2 വർഷം തുടരെ സർവ്വീസുളള തൊഴിലാളികൾക്ക് ചികിത്സാധനസഹായമായി പരമാവധി 50,000/- രൂപ ലഭിക്കുന്നതാണ്. സൂചന (1) ലെ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന രോഗങ്ങൾക്ക് കൂടി ചികിത്സാധനസഹായം ലഭിക്കുന്നതാണ്.

1) മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയ
2) കരൾ സംബന്ധമായ രോഗങ്ങൾ
3) തലച്ചോർ സംബന്ധമായ രോഗങ്ങൾ
4) കണ്ണ് സംബന്ധമായ രോഗങ്ങൾ

## അപകടചികിത്സാധനസഹായം:-

ടി ധനസഹായത്തിന് അപേക്ഷിക്കുന്ന തൊഴിലാളി,

1) ഫണ്ടിൽ സജീവ അംഗത്വം ഉളള ആളായിരിക്കണം
2) കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുളള വാഹനത്തിൽ ജോലിയിലിരിക്കെ ജോലിയുമായി ബന്ധപ്പെട്ട അപകടമായിരിക്കണം.
3) ടിയാന് 72 മണിക്കൂർ ആശുപത്രിയിൽ കിടത്തി ചികിത്സ ലഭിച്ചിരിക്കണം.
4) ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ലഭിച്ച് 60 ദിവസത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കണം. പരമാവധി 50,000/- രൂപ വരെ അപകട ചികിത്സാധനസഹായമായി ലഭിക്കുന്നതാണ്.

**അപകടമരണാനന്തരധനസഹായം:-**

ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് ലഭിക്കുന്ന അപകടമരണാനന്തരധനസഹായം 1.50 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. എന്നാൽ ടിയാൾ മരണപ്പെടുമ്പോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനത്തിൽ ജോലിയിലായിരിക്കെ ജോലിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അപകടത്തിൽ മരണപ്പെട്ടാൽ നോമിനിയ്ക്ക് 1.50 ലക്ഷം രൂപ ധനസഹായമായി ലഭിക്കും .എന്നാൽ തൊഴിലാളി മരണപ്പെട്ട് ഒരു വർഷത്തിനകം നോമിനി അപേക്ഷ സമർപ്പിക്കണം. കൂടാതെ ടിയാൻ മരണപ്പെട്ട മാസത്തിന് തൊട്ട്മുമ്പുള്ള 12 മാസം വരെയുള്ള കുടിശ്ശിക മാത്രമേ നോമിനിയ്ക്ക് ഒടുക്കു വരുത്തുവാൻ സാധിക്കുകയുള്ളു..

**സ്കോളർഷിപ്പ് :-**

സ്കോളർഷിപ്പ് തുക വിവിധ കോഴ്സുകൾക്ക് സൂചന (1) ലെ ചാർട്ട് പ്രകാരം ഉയർത്തിയിട്ടുണ്ട്. എന്നാൽ 15-16 ൽ വിതരണം ചെയ്യുന്ന തുകയ്ക്ക് സൂചന (1) ഉത്തരവ് ബാധകമല്ല.

**വിവാഹധനസഹായം**

ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത് 2 വർഷം സർവ്വീസുള്ള മുടക്കം വരുത്താതെ അംശാദായം ഒടുക്കു വരുത്തിയിട്ടുള്ള തൊഴിലാളികളുടെ 2 പെൺമക്കൾക്ക് വിവാഹധനസഹായം 20,000/- രൂപ വീതം ലഭിക്കുന്നതാണ്. എന്നാൽ വിവാഹം നടന്ന് 90 ദിവസത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കണം.

മേൽപ്പറഞ്ഞ ആനുകൂല്യ വർദ്ധനവുകൾ എല്ലാംതന്നെ 01/01/2016 മുതൽക്കാണ് പ്രാബല്യം എന്നതിനാൽ 01/01/2016 മുതൽ നടന്ന വിവാഹം, മരണം, ചികിത്സ, എന്നിവയ്ക്ക് ടി ഉത്തരവ് ബാധകമാണ്. ടി കാലയളവിലെ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെങ്കിൽ ബാക്കി തുക അരിയർ ആയി നൽകേണ്ടതാണ്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ